## വെളിപാട്

### I. കൂടാരവിരുന്നായി നമുക്ക് ക്രിസ്തുവിനെ ആസ്വദിക്കുവാൻ കഴിയും

- പെസഹാ വിരുന്ന് ക്രിസ്തുവിനെ നൈതികമായുള്ള ദൈവത്തിന്റെ വീണ്ടെടുപ്പിന്റെ പ്രാരംഭമെന്ന നിലയിൽ സൂചിപ്പിക്കുകയും, കൂടാരവിരുന്ന് ക്രിസ്തുവിനെ ജൈവികമായുള്ള ദൈവത്തിന്റെ പൂർണ രക്ഷയുടെ പരിണതിയെന്ന നിലയിൽ സൂചിപ്പിക്കുകയും ചെയ്യുന്നു. ദൈവം കൂടാരവിരുന്ന് നിയമിച്ചത്: ①മരുഭൂമിയിലുള്ള തങ്ങളുടെ അലച്ചിലിൽ തങ്ങളുടെ പൂർവപിതാക്കന്മാർ കൂടാരങ്ങളിൽ ജീവിച്ചിരുന്നുവെന്ന് യിസ്രായേൽമക്കൾ ഓർക്കുന്നതിനുവേണ്ടി; ② ദൈവത്തെ ആരാധിക്കുവാനും നല്ലദേശത്തിൽനിന്നുള്ള അവരുടെ വിളവ് ആസ്വദിക്കുവാനുമായി ഈ വിരുന്നിനു വേണ്ടി അവർ ഒത്തുച്ചേരുന്നതിന്. നല്ല ദേശത്തിന്റെ വിളവായ ക്രിസ്തുവിന്റെ സമ്പത്ത് ആസ്വദിക്കുന്നതിന് സമന്വയത്തിനായുള്ള നമ്മുടെ സംഘാത കൂടിവരവിൽ ഇന്ന് കൂടാരവിരുന്നായി നാം ക്രിസ്തുവിനെ ആസ്വദിക്കുന്നത്, നാം ഇപ്പോഴും മരുഭൂമിയിലാണെന്നും നിത്യകൂടാരമായ പുതിയ യെരൂശലേമിന്റെ വിശ്രമത്തിലേക്ക് നാം പ്രവേശിക്കേണ്ടതാവശ്യമാണെന്നും നമ്മെ ഓർമ്മപ്പെടുത്തുന്നു.
  [Lev. 23:39] ഭൂമിയുടെ ഫലം ശേഖരിച്ചശേഷം ഏഴാം മാസം പതിനഞ്ചാം തിയ്യതി യഹോവെക്കു ഏഴുദിവസം ഉത്സവം ആചരിക്കേണം; ആദ്യദിവസം വിശുദ്ധസ്വസ്ഥത; എട്ടാം ദിവസം വിശുദ്ധസ്വസ്ഥത.
  [Lev. 23:43] അവരെ കൂടാരങ്ങളിൽ പാർപ്പിച്ചു എന്നു നിങ്ങളുടെ സന്തതികൾ അറിവാൻ നിങ്ങൾ ഏഴു ദിവസം കൂടാരങ്ങളിൽ പാർക്കേണം; യിസ്രായേലിലെ സ്വദേശികൾ ഒക്കെയും കൂടാരങ്ങളിൽ പാർക്കേണം; ഞാൻ നിങ്ങളുടെ ദൈവമായ യഹോവ ആകുന്നു..

- പുതിയ യെരൂശലേം ദൈവത്തിന്റെ കൂടാരം എന്ന് വിളിക്കപ്പെടുന്നത്, ഭൂമിയിൽ അന്യരും പരദേശികളുമായി ജീവിക്കുകയും ദൈവത്തിന്റെയും മനുഷ്യന്റെയും പരസ്പര വാസസ്ഥലമായ ദൈവം-പണിത പട്ടണമായ നിത്യകൂടാരത്തെ പ്രതീക്ഷിച്ചുകൊണ്ട് പുതിയ യെരൂശലേമിന്റെ ഒന്നാം ഘട്ടത്തിലെ ജയാളികൾ തങ്ങളും കൂടാരങ്ങളിൽ എങ്ങനെ വസിച്ചുവെന്ന് ഓർക്കുവാൻ വേണ്ടിയാണ്. അബ്രാഹാമിന്റെ വിശ്വാസച്ചുവടുകളിൽ നാം നടക്കണമെങ്കിൽ, ക്രിസ്തുവിനെ നമ്മുടെ ജീവനായും സഭയെ നമ്മുടെ ജീവിതമായും എടുത്തുകൊണ്ട് നാം യാഗപീഠത്തിന്റെയും കൂടാരത്തിന്റെയും ജീവിതം നയിക്കണം. ഒരു യാഗപീഠം പണിയുകയെന്നാൽ അതിനർഥം നമ്മുടെ ജീവിതം ദൈവത്തിനുവേണ്ടിയുള്ളതാണെന്നും, ദൈവം നമ്മുടെ ജീവനാണെന്നും, നമ്മുടെ ജീവിതത്തിന്റെ അർഥം ദൈവമാണെന്നും ആകുന്നു. ഒരു കൂടാരമടിക്കുന്നത് നാം ഈ ലോകത്തിനുള്ളവരല്ല, നാം മറ്റൊരു രാജ്യത്തിനുള്ളവരാണെന്നതിന്റെ ഒരു ആവിഷ്കാരം, ഒരു പ്രഖ്യാപനം ആണ്. അബ്രാഹാം തന്റെ ഒന്നാം യാഗപീഠം പണിതതിനുശേഷം, അവൻ ബെഥേലിനും ഹായിക്കും ഇടയിൽ രണ്ടാമത്തെ യാഗപീഠം പണിതു, അത് പരസ്പരം വൈരുദ്ധ്യത്തിൽ നിൽക്കുന്നു. ബെഥേൽ എന്നാൽ "ദൈവത്തിന്റെ ഭവനം" എന്നും ഹായി എന്നാൽ "അവശിഷ്ടങ്ങളുടെ കൂമ്പാരം" എന്നുമാണ് അർഥം. വിളിക്കപ്പെട്ടവരുടെ ദൃഷ്ടിയിൽ സഭാജീവിതമായ ബഥേൽ മാത്രമാണ് ലാഭകരം; ബാക്കിയെല്ലാം അവശിഷ്ടങ്ങളുടെ കൂമ്പാരമാണ്. ഒടുവിൽ, ഹെബ്രോനിൽവച്ച് അബ്രാഹാമിന്റെ കൂടാരം, ദൈവവുമായി അവൻ കൂട്ടായ്മ ആചരിച്ചതും ദൈവത്തിന് അവനുമായി കൂട്ടായ്മ ആചരിക്കുവാൻ കഴിയുന്നതുമായ ഒരു സ്ഥലമായിത്തീർന്നു. അബ്രാഹാം ഉണ്ടാക്കിയ യാഗപീഠത്തോടുകൂടിയ അവന്റെ കൂടാരം, യിസ്രായേൽ മക്കൾ ഉണ്ടാക്കിയ യാഗപീഠത്തോടുകൂടിയ സാക്ഷ്യകൂടാരത്തിന്റെ ഒരു പ്രതിരൂപമായിരുന്നു. അന്യനും പരദേശിയുമായ അബ്രാഹാം, "ദൈവം ശില്പിയും നിർമ്മാതാവുമായ അടിസ്ഥാനങ്ങളുള്ള നഗരത്തിനായി ആകാംക്ഷയോടെ കാത്തിരുന്നു". സഭാജീവിതത്തിന്റെ "കൂടാരത്തിൽ" നാം ജീവിക്കുമ്പോൾ, അതിന്റെ ആത്യന്തികമായ പരിണതിക്കായി—പുതിയ യെരൂശലേം എന്ന ആത്യന്തിക "സമാഗമകൂടാര"ത്തിനായി നാം കാത്തിരിക്കുന്നു. കൂടാരവിരുന്ന് പുതിയ യെരൂശലേമിന്റെ ആസ്വാദനമാണ്, അത് ജയാളികൾക്കുള്ള ഒരു പ്രതിഫലമായി സഹസ്രാബ്ദ രാജ്യത്തിലെ ആദ്യഫലമായിരിക്കുവാൻ ആദ്യം പരിണതമാകുകയും അതിനുശേഷം തികഞ്ഞവരാക്കപ്പെട്ട എല്ലാ വിശ്വാസികൾക്കും ദൈവത്തിന്റെ പൂർണ രക്ഷയുടെ പൂർണ ആസ്വാദനമായി പുതിയ ആകാശത്തിലും പുതിയ ഭൂമിയിലുമായിരിക്കുവാൻ ഒടുവിൽ പരിണമിക്കുകയും ചെയ്യും.
  [Heb. 11:9-10] വിശ്വാസത്താൽ അവൻ, വാഗ്ദത്തദേശത്ത് അന്യദേശത്ത് എന്നപോലെ, അതേ വാഗ്ദത്തത്തിന്റെ കൂട്ടവകാശികളായ യിസ്ഹാക്കിനോടും യാക്കോബിനോടും കൂടെ കൂടാരങ്ങളിൽ തന്റെ ഭവനം ഒരുക്കി പരദേശിയായി പാർത്തു; എന്തെന്നാൽ ദൈവം ശിൽപ്പിയും നിർമാതാവുമായ, അടിസ്ഥാനങ്ങളുള്ള നഗരത്തിനായി, അവൻ ആകാംക്ഷയോടെ കാത്തിരുന്നു.

**അനുഭവം**

**II. ജീവൻ പകരുവാനും ജീവജലത്തിന്റെ നദികളായി പുറത്തേക്ക് ഒഴുകുന്നതിന് തന്റെ വിശ്വാസികളിലേക്ക് പ്രവേശിക്കുവാനും ഒടുക്കത്തെ ആദാമായ ക്രിസ്തു അവന്റെ പുനരുത്ഥാനത്തിലൂടെയും പുനരുത്ഥാനത്തിലും ജീവൻ-നൽകുന്ന ആത്മാവായിത്തീർന്നു**

- പരിണതിപ്രാപിച്ചവനുമായ ത്രിയേക ദൈവത്തിന്റെ പരിണതിയാണ്. അതിനായ് അവൻ വ്യവസ്ഥാപരമായ് ജഡാവതാരം, മനുഷ്യജീവിതം, ക്രൂശുമരണം, പുനരുത്ഥാനം എന്നീ പ്രക്രിയകളിലൂടെ കടന്നുപോയ്. കർത്താവായ യേശു ക്രൂശിക്കപ്പെടുകയും ഉയിർത്തെഴുന്നേൽക്കുകയും ചെയ്യുന്നതിനുമുമ്പ്, പരിണതിപ്രാപിച്ച ആത്മാവ് "അതുവരെ ഇല്ലായിരുന്നു". ദൈവത്തിന്റെ ആത്മാവ് ആരംഭംമുതൽ ഉണ്ടായിരുന്നു, എന്നാൽ ആത്മാവ് "ക്രിസ്തുവിന്റെ ആത്മാവായും", "യേശു ക്രിസ്തുവിന്റെ ആത്മാവായും", യോഹന്നാൻ 7:39-ന്റെ സമയത്ത് "അതുവരെ ഇല്ലായിരുന്നു", കാരണം കർത്താവായ യേശു അതുവരെ തേജസ്കരിക്കപ്പെട്ടിരുന്നില്ല. കർത്താവായ യേശു ഉയിർത്തെഴുന്നേറ്റപ്പോൾ തേജസ്കരിക്കപ്പെടുകയും, ഈ തേജസ്കരണത്തിലൂടെ ദൈവത്തിന്റെ ആത്മാവ് ജഡാവതാരം ചെയ്യപ്പെട്ടവനും, ക്രൂശിക്കപ്പെട്ടവനും, ഉയിർത്തെഴുന്നേറ്റവനുമായ യേശു ക്രിസ്തുവിന്റെ ആത്മാവായിത്തീരുകയും ചെയ്തു. ജീവൻ-നൽകുന്ന ആത്മാവ് പരിണതിപ്രാപിച്ച ആത്മാവാണ്, പ്രക്രിയാവിധേയനും ആത്മാവായാണ് അവൻ തന്റെ ശിഷ്യന്മാരിലേക്ക് ഊതപ്പെട്ടത്; ആത്മാവായാണ് അവന് ശിഷ്യന്മാരിൽ ജീവിക്കുവാനും അവനാലും അവനോടുകൂടെയും ജീവിക്കുവാൻ അവരെ പ്രാപ്തരാക്കുവാനും കഴിയുന്നതും, അവന് അവരിൽ വസിക്കുവാനും അവനിൽ വസിക്കുവാൻ അവരെ പ്രാപ്തരാക്കുകവാനും കഴിയുന്നതും. ജീവൻ-നൽകുന്ന ആത്മാവ് അതിന്റെ ചേരുവകളോടുകൂടിയ സംയുക്ത അഭിഷേക തൈലത്താൽ മുൻകുറിക്കപ്പെടുന്ന സംയുക്ത ആത്മാവാണ്: ①ഒലിവെണ്ണ ദിവ്യത്വത്തോടുകൂടെയുള്ള ദൈവത്തിന്റെ ആത്മാവിനെ സൂചിപ്പിക്കുന്നു; ②മൂര് ക്രിസ്തുവിന്റെ വിലയേറിയ മരണത്തെ സൂചിപ്പിക്കുന്നു. ; ③ ലവംഗം ക്രിസ്തുവിന്റെ മരണത്തിന്റെ മാധുര്യത്തെയും ഫലപ്രാപ്തിയെയും സൂചിപ്പിക്കുന്നു; ④വയമ്പ് ക്രിസ്തുവിന്റെ വിലയേറിയ പുനരുത്ഥാനത്തെ സൂചിപ്പിക്കുന്നു. ; ⑤വഴനത്തൊലി ക്രിസ്തുവിന്റെ പുനരുത്ഥാനത്തിന്റെ വികർഷിക്കുന്ന ശക്തിയെ സൂചിപ്പിക്കുന്നു. ജീവൻ-നൽകുന്ന ആത്മാവ്, വിശ്വാസികളുടെ ചയാപചയപരമായ രൂപാന്തരത്തിനുവേണ്ടിയും ക്രിസ്തുവിന്റെ ശരീരത്തിന്റെ വളർച്ചയ്ക്കും കെട്ടുപണിക്കുംവേണ്ടിയുമുള്ള ശ്വാസക്രിസ്തുവായ, കർത്താവായ ആത്മാവാകുന്നു. സാധാരണ ക്രിസ്തീയ ജീവിതം ആത്മാവിനെ നാം അറിയുകയും അനുഭവമാക്കുകയും ചെയ്യുന്നതിനെ ആശ്രയിച്ചിരിക്കുന്നു; ക്രിസ്തു ജീവൻ-നൽകുന്ന ആത്മാവായിരിക്കാതെ, അവന്റെ വ്യവസ്ഥയിൽ നമുക്ക് ദൈവത്തിന്റേതായ യാതൊന്നും അനുഭവിക്കുവാൻ കഴിയുകയില്ല.

  [John 7:37-39] വിരുന്നിന്റെ മഹാനാളായ, ഒടുക്കത്തെ നാളിൽ, യേശു എഴുന്നേറ്റ് വിളിച്ചുപറഞ്ഞത്, ദാഹിക്കുന്നവൻ എന്റെ അടുക്കൽ വന്നു കുടിക്കട്ടെ. തിരുവെഴുത്ത് പറഞ്ഞതുപോലെ, എന്നിലേക്കു വിശ്വസിക്കുന്നവന്റെ ഏറ്റവും ഉള്ളിലെ ആളത്തത്തിൽനിന്ന് ജീവജലനദികൾ ഒഴുകും. എന്നാൽ ഇത് അവൻ തന്നിലേക്കു വിശ്വസിക്കുന്നവർ സ്വീകരിക്കാറായ ആത്മാവിനെക്കുറിച്ചായിരുന്നു പറഞ്ഞത്; യേശു തേജസ്കരിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ആത്മാവ് അതുവരെ ഇല്ലായിരുന്നു.

  [Exo. 30:23-25] മേത്തരമായ സുഗന്ധ വർഗ്ഗമായി വിശുദ്ധമന്ദിരത്തിലെ തൂക്കപ്രകാരം അഞ്ഞൂറു ശേക്കെൽ അയഞ്ഞ മൂരും അതിൽ പാതി ഇരുനൂറ്റമ്പതു ശേക്കെൽ സുഗന്ധലവംഗവും, ഇരുനൂറ്റമ്പതു ശേക്കെൽ വയമ്പും അഞ്ഞൂറു ശേക്കെൽ വഴനത്തൊലിയും ഒരു ഹീൻ ഒലിവെണ്ണയും എടുത്തു തൈലക്കാരന്റെ വിദ്യപ്രകാരം ചേർത്തുണ്ടാക്കിയ വിശുദ്ധമായ അഭിഷേക തൈലമാക്കേണം; അതു വിശുദ്ധമായ അഭിഷേക തൈലമായിരിക്കേണം.

  [1 John 2:20] വിശുദ്ധനായവനിൽനിന്ന് നിങ്ങൾക്ക് അഭിഷേചനം ഉണ്ടല്ലോ, നിങ്ങൾ എല്ലാവരും അറിയുകയും ചെയ്യുന്നു.

  [2 Cor. 3:17-18] കൂടാതെ കർത്താവ് ആത്മാവാകുന്നു; കർത്താവിന്റെ ആത്മാവ് എവിടെയോ, അവിടെ സ്വാതന്ത്ര്യമുണ്ട്. എന്നാൽ ഞങ്ങൾ എല്ലാവരും മൂടുപടം നീങ്ങിയ മുഖത്തോടെ, കർത്താവിന്റെ തേജസ്സിനെ കണ്ണാടിപോലെ നോക്കുകയും പ്രതിബിംബിക്കുകയും ചെയ്തുകൊണ്ട്, കർത്താവായ ആത്മാവിൽ നിന്നെന്നപോലെ, തേജസ്സിൽ നിന്ന് തേജസ്സ് പ്രാപിച്ച് അതേ സ്വരൂപത്തിലേക്ക് രൂപാന്തരപ്പെടുന്നു.

  [John 16:13] എന്നാൽ യാഥാർഥ്യത്തിന്റെ ആത്മാവു വരുമ്പോൾ, അവൻ നിങ്ങളെ സകല യാഥാർഥ്യത്തിലേക്കും വഴിനടത്തും...

  [1 Cor. 6:17] എന്നാൽ കർത്താവിനോടു പറ്റിച്ചേരുന്നവൻ അവനുമായി ഏകാത്മാവ് ആകുന്നു.